# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1364 07.06.2018 -ൽ മറുപടിക്ക്

### ഹൈടെക് ക്ലാസ്സ് മുറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് | | | പ്രൊഫ : സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സർക്കാർ /എയിഡഡ് സ്കൂളുകളിലെ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സ് മുറികളിൽ ഹൈടെക്ക് പഠനസൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി പ്രകാരം, ഇതുവരെ എത്ര ക്ലാസ്സ് മുറികൾ ഹൈടെക്ക് ആയി മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ , ഹയർസെക്കൻററി വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുകളിലെ 45000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി അനുസരിച്ച് 34500 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. |
| ബി) | ഇനി എത്ര ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കി മാറ്റാനുണ്ടെന്ന് വിശദമാക്കാമോ; | ബി) | 10,500 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കാനുണ്ട്. |
| സി) | പ്രസ്തുത ക്ലാസ്സ് മുറികൾ എന്നത്തേയ്ക്ക് ഹൈടെക്ക് ആക്കി മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | സി) | സ്കൂളുകൾ ക്ലാസ്സ് മുറികൾ സജ്ജമാക്കുന്നമുറയ്ക്ക് ഹൈടെക് ആക്കുന്നതിനുള്ള ഉപകരണങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക് നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) മുഖേന ലഭ്യമാക്കും. ഇതുവരെ സജ്ജമായ എല്ലാ ഹൈസ്കൂൾ ഹയർസെക്കൻററി സ്കൂൾ ക്ലാസ്സ് മുറികളിലേയ്ക്കും ഉപകരണങ്ങൾ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ